# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1651 — 05/12/2014 ലെ മറുപടിക്ക്

**കേരളത്തിലെ കർഷകരിൽ നിന്നും പച്ചക്കറിയും പഴങ്ങളും സംഭരിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ന്യായവിലയ്ക്ക് പച്ചക്കറിയും പഴങ്ങളും ലഭ്യമാക്കുന്നതിന് സംസ്ഥാനത്തിനുള്ളിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷങ്ങളായി നടത്തിയ സംഭരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | എ) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോമോഷൻ കൗൺസിൽ കേരള, ഹോർട്ടികോർപ്പ് എന്നീ ഏജൻസികളാണ് പച്ചക്കറി വിപണനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ കീഴിൽ സ്വാശ്രയ കർഷക സമിതികൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചു വരുന്നു. 264 വിപണികൾ കൗൺസിലിന് നിലവിൽ ഉണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കൂട്ടായി വിപണനം ചെയ്യുന്നത് വഴി അവർക്ക് ന്യായമായ വില ഉറപ്പാക്കുവാൻ കഴിയുന്നു.<br>2012 മെയ്-ആഗസ്റ്റ് മാസങ്ങളിൽ പൊതുവിപണികളിൽ പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനായി കൗൺസിൽ വിപണിയിൽ ഇടപെടുകയും പൊതുജനങ്ങൾക്ക് 30% വിലക്കിഴിവിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 150 ചില്ലറ വില്പനശാലകൾ സംസ്ഥാനത്തുടനീളം നടത്തുകയുമുണ്ടായി. ഈ ചില്ലറ വില്പനശാലകൾ വഴി 14.82 കോടി രൂപ മൂല്യമുള്ള 5582 മെട്രിക് ടൺ പച്ചക്കറികൾ, 10 ലക്ഷം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. ഇതുകൂടാതെ ക്രിസ്തുമസ് സീസണിൽ സംഘടിപ്പിച്ച 130 പച്ചക്കറി ചില്ലറ വില്പന ശാലകൾ വഴി 2.44 കോടി രൂപ മൂല്യമുള്ള 881 ടൺ പച്ചക്കറി, ഉപഭോക്താക്കൾക്ക് 30% വിലക്കുറവിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പച്ചക്കറിയുടെ അനിയന്ത്രിതമായ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനു വേണ്ടി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് 30% വിലക്കിഴിവിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 152 ചില്ലറ വിൽപ്പനശാലകൾ 2013 ജൂൺ-സെപ്റ്റംബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം ആരംഭിച്ചു. ഈ ചില്ലറ വില്പന ശാലകൾ വഴി 20.45 കോടി രൂപ മൂല്യമുള്ള 5058 മെട്രിക് ടൺ പച്ചക്കറികൾ 8.25 ലക്ഷം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. 2014 സെപ്തംബർ മാസത്തിൽ സംസ്ഥാനത്തുടനീളം ആരംഭിച്ച |

111 ചില്ലറ വിൽപ്പനശാലകൾ വഴി 4 കോടി രൂപ മൂല്യമുള്ള 996 മെട്രിക് ടൺ പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി.

ഹോർട്ടികോർപ്പ് കഴിഞ്ഞ മൂന്നുവർഷങ്ങളായി സംസ്ഥാനത്തിനുള്ളിൽ നടത്തിയ സംഭരണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2012-13 (ആകെ തുക) | 2013-14 (ആകെ തുക) | 2014-15 (31.10.14 വരെ (ആകെ തുക) |
|---|---|---|
| 10.42 കോടി | 27.73 കോടി | 28.58 കോടി |

ബി) പ്രസ്തുത മൂന്ന് വർഷങ്ങളായി സംസ്ഥാനത്തിന് പുറത്തുനിന്നും ഇവ സംഭരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

ബി) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോമോഷൻ കൗൺസിൽ സംസ്ഥാനത്തിന് പുറത്തുനിന്നും പച്ചക്കറികളും പഴങ്ങളും സംഭരിക്കാറില്ല.

ഹോർട്ടികോർപ്പ് സംസ്ഥാനത്തിനു പുറത്തുനിന്നും സംഭരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| 2012-13 (ആകെ തുക) | 2013-14 (ആകെ തുക) | 2014-15 (31.10.14 വരെ (ആകെ തുക) |
|---|---|---|
| 14.85 കോടി | 31.29 കോടി | 27.83 കോടി |

സി) കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും ഒഴിവാക്കി സംസ്ഥാനത്തിന് പുറത്തുനിന്നും ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ അവ സംഭരിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡി) എങ്കിൽ കേരളത്തിൽ നിന്നും മാത്രം അവ സംഭരിക്കുവാനും തികയാതെ വരുന്ന അവസരങ്ങളിൽ മാത്രം സംസ്ഥാനത്തിനുപുറത്തു നിന്നും സംഭരിക്കുന്നതിനും അതുവഴി നമ്മുടെ കർഷകർക്ക് പരമാവധി പ്രയോജനം ലഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

സി& ഡി) കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ടും കർഷക ഗ്രൂപ്പുകൾ, ക്ലസ്റ്ററുകൾ, കൃഷി വകുപ്പിന്റെ വേൾഡ് മാർക്കറ്റുകൾ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, സ്വാശ്രയ കർഷക സമിതികൾ എന്നിവ മുഖേന ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നുണ്ട്. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിന് പുറത്തുനിന്നും സംഭരിക്കാറില്ല. ഹേർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ ദിവസവും 45 ഇനം പച്ചക്കറികൾ ആവശ്യമായി വരാറുണ്ട്. ജില്ലാ സംഭരണ കേന്ദ്രങ്ങളിൽ ദിവസവും വിതരണ സ്റ്റാളുകളിൽ നിന്നുള്ള ഇന്റന്റ് ലഭിക്കുകയും ഇതിൽ സംസ്ഥാനത്തെ കർഷകരിൽ നിന്നുമുള്ള ഉൽപ്പന്നങ്ങൾ എടുക്കുന്നതിന് മുൻഗണന നൽകുകയും ബാക്കിയുള്ള ഇനങ്ങൾ മാത്രം അയൽസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുകയാണ് പതിവ്.

സെക്ഷൻ ഓഫീസർ